## രാജിവച്ചതിനു ശേഷവും കമ്പനി ഡയറക്ടറുടെ സ്വത്തുക്കൾ ജപ്തി ചെയ്യുന്നത് തടയാനാവില്ല

## കർണാടക ഹൈക്കോടതി

W.P. No. 40998/2014 Dt. 6.3.2018

നിതീഷ് നർവാൽക്കർ

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

ഇ.പി.എഫ്. നിയമം ബാധകമായ കമ്പനിയിലെ ഡയറക്ടറായിരുന്നു ഹർജിക്കാരനായ നിതീഷ്. ഇ.പി.എഫ്. കോഡ് നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ അദ്ദേഹം ഒപ്പ് വച്ചിരുന്നു. 2013-ൽ അദ്ദേഹം ഡയറക്ടർ സ്ഥാനം രാജിവച്ചു. 2013-നു മുമ്പുള്ള കാലഘട്ടത്തിലെ കുടിശിക കമ്പനി അടച്ചുതീർത്തിരുന്നില്ല. കുടിശിക വസൂലാക്കുന്നതിനു വേണ്ടി കമ്പനിയുടെ നിലവിലുള്ളതും രാജിവച്ചതുമായ എല്ലാ ഡയറക്ടർമാരുടെയും സ്വത്തുക്കളും ബേങ്ക് എക്കൗണ്ടുകളും ജപ്തി ചെയ്യാൻ ഇ.പി.എഫ്. അധികൃതർ നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ, മുമ്പിനാലെ രാജി വച്ച ഡയറക്ടർ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. താനിപ്പോൾ ഡയറക്ടറല്ലാത്തതി നാൽ കമ്പനിയുടെ കടബാധ്യതക്കു വേണ്ടി തന്റെ വ്യക്തിപരമായ സ്വത്തുക്കൾ, അതായത്, വീടും ബേങ്ക് എക്കൗണ്ടും ജപ്തി ചെയ്യാൻ ഇ.പി.എഫ്. അധികൃതർക്ക് അധികാരവകാശങ്ങളി ല്ലെന്ന് ഡയറക്ടർ വാദിക്കുകയും ജപ്തി തടയണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഡയറക്ട റായ ഹർജിക്കാരൻ ഡയറക്ടർ സ്ഥാനം രാജിവച്ചത് 2013-ലാണെന്നും അതിനു മുമ്പുള്ള കുടി ശികക്കു വേണ്ടി അദ്ദേഹത്തിന്റെ സ്വത്തുക്കൾ ജപ്തി ചെയ്യാൻ അധികാരമുണ്ടെന്നും ഇ.പി. എഫ്. അധികൃതർ ചൂണ്ടിക്കാട്ടി. ഡയറക്ടർ രാജിവച്ച് കഴിഞ്ഞതിനു ശേഷമായാലും അദ്ദേഹം ഡയറക്ടറായിരുന്ന കാലത്തെ ബാധ്യതകളുടെ പേരിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വത്തു ക്കൾ ജപ്തി ചെയ്യുന്നതിന് നിയമ തടസ്സമില്ലെന്നു വിലയിരുത്തിയ ഹൈക്കോടതി ഡയറക്ട റുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.